**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** | **11-10-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന് കീഴിൽ ചുവടെപ്പറയുന്ന പത്ത് പൊതുമേഖല സ്ഥാപനങ്ങളാണ് നിലിവിലുള്ളത്.<br><br>(1)പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള<br><br>(2) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള<br><br>(3) ഹോർട്ടികോർപ്പ്<br><br>(4) ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്<br><br>(5)വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്<br><br>(6) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ<br><br>(7)കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ<br><br>(8) കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br><br>(9) കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ<br><br>(10) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br><br>കൂടാതെ അപെക്സ് ഫെഡറേഷനായി കേരഫെഡും, കമ്പനി ആക്റ്റ് പ്രകാരം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലും കൃഷി വകുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നു.<br><br>ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്നശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുവാനുള്ള വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ മാനേജിംഗ് ഡയറക്ടർ / സി.ഇ.ഒ മാർക്ക് യഥാസമയം നിർദ്ദേശം നല്കി വരുന്നു. ഇതിനായി സർക്കാർ തലത്തിൽ വിവിധ യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ വിളിച്ച് ചേർത്തിട്ടുണ്ട്.**<br><br>**ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിലയിരുത്തി നടപടി കൈക്കൊള്ളുവാൻ ബന്ധപ്പെട്ട മാനേജിംഗ് ഡയറക്ടർമാർക്ക് യഥാസമയം നിർദ്ദേശം നല്കി വരുന്നുണ്ട്. കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ / ഹോർട്ടികോർപ്പ് / വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ / വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് / കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ / കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയ്ക്ക് പ്രത്യേക ധനസഹായം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നല്കിയിട്ടുമുണ്ട്.**<br><br>**ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കുവാനാകുമെന്ന വ്യക്തമായ പദ്ധതി തയാറാക്കുവാൻ കൃഷി വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ / മാനേജിംഗ് ഡയറക്ടർമാരുടെ പൊതുയോഗം വിളിച്ച് ചേർത്ത് നിർദ്ദേശം നല്കുകയും, ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർമാർ തയാറാക്കി നല്കിയിട്ടുള്ള short term & long term പദ്ധതികൾ സർക്കാരിന്റെ പരിശോധനയിലുമാണ്.** |
| (സി) | ഇതു സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **പൊതുവായ പഠനം നടത്തിയിട്ടില്ല. എന്നാൽ പൊതുമേഖല സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയ്ക്ക് ആവശ്യമായ നിർദ്ദേശം നല്കി വരുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പിന്റെ പ്രവർത്തനം പ്രത്യേകമായി പഠന വിധേയമാക്കിയിട്ടുമുണ്ട്.** |
| (ഡി) | കാർഷികോല്പന്നങ്ങളുടെ സംഭരണ-സംസ്കരണ സംവിധാനങ്ങൾ ആധുനികീകരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന-വിതരണ ശൃംഖല വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | **സ്വീകരിച്ചിട്ടുണ്ട്.**<br><br>**കാർഷികോല്പന്നങ്ങളുടെ സംഭരണ-സംസ്കരണ സംവിധാനങ്ങൾ ആധുനികരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന-വിതരണ ശൃംഖല വർദ്ധിപ്പിക്കുന്നതിനും കർഷക ഉൽപ്പാദന** |

സംഘടനകളെ (FPO) ശാക്തികരിച്ച് നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. കൂടാതെ സേവന മൂല്യ വർദ്ധനമേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഇതിനായി തയ്യാർ ചെയ്തു വരുന്നു. വി.എഫ്.പി.സി.കെയുടെ വയനാട് ജില്ലയിലെ ഇടവകയിലും, തൃശ്ശൂർ ജില്ലയിലെ പരിയാരത്തും 20 ടൺ സംഭരണ ശേഷിയുള്ള ശീതികരണ സംവിധാനത്തോട് കൂടിയുള്ള പഴം-പച്ചക്കറി പായ്ക്ക് ഹൗസുകൾ നിലവിലുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, ഇടുക്കി ജില്ലയിലെ ദേവികുളം എറണാകുളം ജില്ലയിലെ തൃക്കാക്കര എന്നിവിടങ്ങളിൽ RIDF-MIDH ഫണ്ട് ഉപയോഗിച്ച് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ 50 ടൺ ശീതികരണ സംഭരണ ശേഷിയുള്ള  സംവിധാനം ഇടുക്കി ജില്ലയിലെ മൂന്നാറിൽ നിലവിൽ പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള എസ്.എഫ്.എ.സി., ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ, വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി തുടങ്ങിയ സ്ഥാപനങ്ങൾ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ്സ് കമ്പനിയും (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, മൂല്യവർദ്ധനം, വിപണനം ഉൾപ്പടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 എഫ്.പി.ഓ-കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽ നിന്നുണ്ടാകുന്ന മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും, ലക്ഷ്യമിട്ട് '' കേരളഗ്രോ'' എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ ചെയ്ത്, '' കേരളഗ്രോ'' ബ്രാൻഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ, നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. <u>പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള</u> :- പ്രധാന പ്രവർത്തനം തോട്ടകൃഷിയാണ്. പത്തനംതിട്ട മുതൽ കാസർഗോഡ് വരെയുള്ള വിവിധ എസ്റ്റേറ്റുകളിലായി റബ്ബർ, കശുവണ്ടി, ഓയിൽ പാം എന്നിവ ഉത്പാദിപ്പിക്കുന്നു. റബ്ബറും കശുമാങ്ങയും പ്രോസസിംഗ് നടത്തി മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി വിൽക്കുകയും ചെയ്യുന്നു.

2. <u>ഓയിൽപാം ഇന്ത്യ</u> :- രാജ്യത്ത്, പ്രത്യേകിച്ച് കേരളത്തിൽ എണ്ണപ്പന കൃഷി പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ. നിലവിൽ, കമ്പനി ഓയിൽ പാം കൃഷി ചെയ്യുകയും ക്രൂഡ് പാം ഓയിൽ, പാം കേർണൽ, കേർണൽ ഓയിൽ എന്നിവ വേർതിരിച്ചെടുക്കുകയും അരി ഉൽപ്പാദിപ്പിക്കുകയും "കുട്ടനാട് അരി" എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുകയും ചെയ്യുന്നു.

3. <u>ഹോർട്ടികോർപ്പ്</u> :- പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ ക്രേന്ദങ്ങളും 6 ഉപസംഭരണ ക്രേന്ദങ്ങളും അവയുടെ കീഴിൽ 73 സ്വന്തം സ്റ്റാളുകളും 191 ലൈസൻസി സ്റ്റോറുകളും ഉണ്ട്. കൂടാതെ കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷികമൊത്ത വ്യാപാര വിപണികൾ വി. എഫ്. പി. സി. കെ യുടെ സ്വാശ്രയ കർഷക വിപണികൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതയും നല്ല കൃഷിരീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തി വരുന്നു. കൂടാതെ പഴം-പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നും തന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജക മണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി ഗ്രാമശ്രീ ഹോർട്ടിബസാറുകളും പ്രവർത്തിച്ചു വരുന്നു.

4. <u>സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള</u> :- കോർഷറേഷൻ പ്രധാനമായും റബ്ബർ അധിഷ്ഠിത ഉൽപന്നങ്ങളുടെ ഉൽപാദനവും, വിപണനവുമാണ് നടത്തി വരുന്നത്. കൊല്ലം ജില്ലയിൽ ചിതൽവെട്ടി, കുമരകുടി, മുള്ളുമല, ചെരുപ്പിട്ടകാവ് എന്നിവടങ്ങളിൽ റബ്ബർ എസ്റ്റേറ്റുകൾ നിലവിലുണ്ട്. ഇത് കൂടാതെ 230 ഹെക്ടർ സ്ഥലത്ത് കശുവണ്ടി, 50 ഹെക്ടറിൽ തെങ്ങ്, 10 ഹെക്ടറിൽ കുരുമുളക്, കൂടാതെ കോഫി, കൊക്കോ എന്നിവയും കൃഷിചെയ്തു വരുന്നു.

5. <u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ</u> :- കേരളത്തിലുടനീളമുള്ള 55 വെയർഹൗസികളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കാവുന്ന വിധത്തിൽ പണി കഴിപ്പിച്ചിട്ടുള്ള 2.06 ലക്ഷം മെടിക്ക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകൾ

നിലവിലുണ്ട്. കൂടാതെ ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും കോർപ്പറേഷനു കീഴിൽ പ്രവർത്തിച്ചു വരുന്നു.

6. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ:- നാളികേര കൃഷി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടും, കേര കർഷകർക്ക് മെച്ചപ്പെട്ടതും, സുസ്ഥിരമായ വരുമാനം നില നിർത്തുന്നതിനുമായി സംഭരണ സംസ്കരണ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം, വിപണനം എന്നിവയിലൂന്നി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന നാളീകേര വികസന കോർപ്പറേഷൻ.

7. വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് :- കർഷകരിൽ നിന്നും പൈനാപ്പിൾ മുതലായ പഴവർഗ്ഗങ്ങൾ സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി 'ജൈവ' ബ്രാൻഡിൽ വിപണനം ചെയ്തു വരുന്നു. ഫ്രൂട്ട് പൾപ്പ്, കോൺസൻട്രേറ്റ് ടെട്രാപാക് ജ്യൂസ്, പെറ്റ് ബോട്ടിൽ ജ്യൂസ്, ഫ്രൂട്ട് സിറപ്പുകൾ, ഫ്രൂട്ട് കാൻഡി, ഫ്രൂട്ടി ജം എന്നിവയ്ണ് പ്രധാന ഉൽപന്നങ്ങൾ .പഴം പച്ചക്കറി കയറ്റുമതി ലക്ഷമിട്ട് സഹായത്തോടെ നിർമ്മിച്ച പായ്ക്ക് ഹൗസും ടി സ്ഥാപനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

8. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് :- കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർക്ക് ഗുണനിലവാരമുള്ള കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുക എന്നതാണ് കോർപ്പറേഷൻ്റെ പ്രധാന ലക്ഷ്യം. നിലവിൽ, ട്രാക്ടറുകൾ, പവർ ടില്ലറുകൾ, പവർ റീപ്പറുകൾ, ഡീസൽ എഞ്ചിനുകൾ തുടങ്ങി വിവിധ കാർഷിക യന്ത്രങ്ങളുടെ നിർമ്മാണത്തിൽ കോർപ്പറേഷൻ ഏർപ്പെട്ടിരിക്കുന്നു.

9. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ :- കാർഷിക മേഖലയിൽ യന്ത്ര വൽക്കരണവും, ആധുനിക സാങ്കേതിക വിദ്യയും പ്രോത്സാഹിപ്പിക്കുകയും കാർഷിക യന്ത്രങ്ങളുടെ നിർമ്മാണം, വിൽപ്പന, അവയുടെ സേവനം, ചെറുകിട യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും നിർമ്മാണം, പശ്ചാത്തല സൗകര്യ വികസനം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്ന സംസ്ഥാനത്തെ ഒരു പ്രധാന പൊതുമേഖലാ സ്ഥാപനമാണ് കാംകോ.

10. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ :- കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്രവികസനത്തിനായുള്ള ഭൂവികസനവും അനുബന്ധ പദ്ധതികളും പ്രോത്സാഹിപ്പിക്കുന്നതിനും ഏറ്റെടുക്കുന്നതിനും, കാർഷിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നതിനുമായി കേരള ലാൻഡ് ഡെവലപ്മെൻ്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ